**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 639** **13-10-2026-ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ടി. ബൽറാം
ശ്രീമതി വിദ്യാ ബാലകൃഷ്ണൻ
ശ്രീ. മുഹമ്മദ് ഷിയാസ്
ശ്രീ. ദീപക് ജോയ്

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ കുറവ് സംസ്ഥാനത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഇല്ല. എക്സൈസ് വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ പരമാവധി വിനിയോഗിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരികയാണ്.

അവയർനെസ് പ്രോഗ്രാം കോ-ഓർഡിനേഷന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്നു. എൻഫോഴ്‌സ്മെന്റ് പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും വകുപ്പ് ഒരേ പ്രാധാന്യമാണ് നൽകുന്നത്. എൻഫോഴ്‌സ്മെന്റ് ആവശ്യങ്ങൾക്കായി നിയമിച്ചിട്ടുള്ള ജീവനക്കാർ തന്നെയാണ് നിലവിൽ ഫീൽഡിലെ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നത്.

ജില്ലാതലത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ വിമുക്തി മാനേജരായും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ വിമുക്തി മിഷൻ കോ-ഓർഡിനേറ്റർമാരെയും, കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി മേഖലാ കൗൺസിലർമാരെയും നിയമിച്ചിട്ടുണ്ട്. വകുപ്പിലെ നിലവിലുള്ള ജീവനക്കാരുടെ സഹകരണത്തോടെ വിമുക്തി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു.

**(ബി)** എക്സൈസ് വകുപ്പിന്റെ വാഹനങ്ങൾ, പരിശോധനാ ഉപകരണങ്ങൾ, സാങ്കേതിക സംവിധാനങ്ങൾ എന്നിവ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ഉണ്ട്; 2026-27 സാമ്പത്തിക വർഷത്തിൽ 327.2 ലക്ഷം രൂപ ചെലവഴിച്ച് എക്സൈസ് വകുപ്പ് 42 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ, 2026-27-ലെ പുതുക്കിയ ബജറ്റിൽ ഫീൽഡ് ഓഫീസുകൾക്കായി 24 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 267 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഡ്രഗ്ഡിറ്റക്ഷൻ കിറ്റുകൾ, സൈബർ ഫോറൻസിക്

സോഫ്റ്റ്‌വെയറുകൾ, എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ആധുനികവൽക്കരണ പ്രവർത്തനങ്ങൾ വകുപ്പ് തുടർച്ചയായി നടത്തിവരുന്നുണ്ട്.

**(സി)** ലഹരി വസ്തുക്കളുടെ അനധികൃത കടത്ത് കണ്ടെത്തുന്നതിന് സൈബർ നിരീക്ഷണവും ആധുനിക സാങ്കേതികവിദ്യകളും കൂടുതൽ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** സിന്തറ്റിക് ലഹരിമരുന്നുകളുടെ വ്യാപനം, ഡാർക്ക് വെബ്, ക്രിപ്റ്റോ കറൻസി ഇടപാടുകൾ, സംസ്ഥാനാന്തര ശൃംഖലകൾ എന്നിവ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ, ആധുനിക ലഹരി കുറ്റകൃത്യങ്ങളെ ശാസ്ത്രീയവും സാങ്കേതികവുമായി പ്രതിരോധിക്കുന്നതിനായി 'പീപ്പിൾസ് ഐ' മൊബൈൽ ആപ്പ്, 'മയങ്ങില്ല കേരളം' പോർട്ടൽ, 'സ്റ്റേറ്റ് നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ' രൂപീകരണം, ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ, പരിശോധനാ ലാബ് രൂപീകരിക്കാനുള്ള നടപടികൾ, ഐ.ടി-സൈബർ സെല്ലുകളുടെ ശക്തിപ്പെടുത്തൽ എന്നിവയിലൂടെ എക്സൈസ് വകുപ്പ് വിപുലമായ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**